# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

12.03.2015 – ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 1236

### കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>,,എം.വി.ശ്രേയാംസ് കുമാർ<br>ഡോ.എൻ.ജയരാജ്<br>ശ്രീ.പി.സി.ജോർജ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്ത് കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിത മാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് അറിയിക്കുമോ; | എ) കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിത മാക്കുന്നതിന് നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പ്രധാന പദ്ധതികൾ ചുവടെ കൊടുക്കുന്നു.<br><br>വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 01/03/2014 മുതൽ 300/- രൂപയായും ഉല്പന്ന മേഖലയിലെ കുറഞ്ഞ കൂലി 01/03/2013 മുതൽ 360/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കയർ മേഖലക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു.<br><br>❖ കയർ മേഖലയിൽ നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പാക്കി ആധുനികവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതിന്റെ ഭാഗമായി പ്രതിദിനം 8 മണിക്കൂർ കൊണ്ട് ഏകദേശം 60 കി.ഗ്രാം കയർ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതും വിവിധയിനത്തിലുള്ള കയർ പിരിക്കാൻ കഴിയുന്നതുമായ ആധുനിക ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ എൻ സി ആർ എം ഐ തലത്തിൽ വികസിപ്പിച്ചു വരുന്നു. |

- ❖ കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു ആധുനിക പി.വി.സി. ടഫ്റ്റഡ് യൂണിറ്റ് ഉൾപ്പെടെയുള്ള സംയോജിത ഫാക്ടറി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.
- ❖ ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ഒരു കയർ കോംപസിറ്റ് ബോർഡ് ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.
- ❖ കയർ മേഖലയിലെ എല്ലാത്തരം മെഷീനറികളും നിർമ്മിക്കാനുതകുന്ന കയർ മെഷിനറി ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു

നിലവിലുള്ള വികസന പദ്ധതികൾക്കു പുറമേ കയർ മേഖലയെ സംരക്ഷിച്ചു നിലനിർത്തുന്നതിനായി മന്ത്രിസഭ അംഗീകരിച്ച താഴെ പറയുന്ന പദ്ധതികൾ 2014–16 വർഷത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

1. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിക്കും. നാളികേര വികസന ബോർഡുമായി ചേർന്ന് തൊണ്ട് സംഭരണ ഡീഫൈബറിംഗിലൂടെ ചകിരിയുടെ ലഭ്യത ഉറപ്പാക്കും.
2. കയർമേഖലകളിൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സെമി ആട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീൻ, ഇലക്ട്രോണിക് റാട്ടിന്റെ പരിഷ്കരിച്ച മോഡൽ എന്നിവ വികസിപ്പിക്കും.

3) കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര–വിദേശ വിപണികൾ ശക്തിപ്പെ ടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കും.

4) കയർ മേഖലകളിൽ ഉൽപ്പാദനവും തൊഴിൽ ദിനവും വർദ്ധിപ്പിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകും.

5) കയർമേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാന ഭാരം ലഘൂകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനു മായി സംഘങ്ങൾക്ക് വർക്ക്ഷെഡ്, ടോയ്ലറ്റ്, ആധുനിക പണിസാമഗ്രികൾ എന്നിവ നൽകും.

6) ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ, കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തന മാരംഭിക്കും.

| | |
|---|---|
| ബി) പ്രസ്തുത സംഘങ്ങളെ പ്രതിസന്ധിയിലാക്കുന്ന തൊണ്ടിന്റെയും ചകിരിയുടെയും ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടു ണ്ടെന്ന് വ്യക്തമാക്കുമോ; | ബി) ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000/- രൂപ സർക്കാർ നൽകി. കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾ കൂടി ഉൾക്കൊണ്ട് കുറെക്കൂടി പ്രായോഗികമായ രീതിയിൽ നടപ്പാക്കുന്നതിന് 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായിട്ടുള്ള ഒരു പ്രോജക്റ്റിനും അംഗീകാരം നൽകിയിട്ടുണ്ട്. ഉണക്കത്തൊണ്ടും പച്ചത്തൊണ്ടും ചകിരിയാക്കാൻ കഴിയുന്ന പുതിയൊരു ഡീഫൈബറിംഗ് മെഷീൻ NCRMI വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് സർക്കാർ നിയന്ത്രണത്തിലുള്ള കയർ മെഷീനറി ഫാക്ടറിയിലൂടെ ഉല്പാദിപ്പിച്ച് കയർ മേഖലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) കയർ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധിക്ക് ശാശ്വതമായ പരിഹാരം കാണുന്നതിനും ഉൽപാദന ചെലവിന് അനുസൃതമായി വില നൽകി കയറുല്പന്നങ്ങൾ സംഭരിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സഹായം പ്രസ്തുത സംഘങ്ങൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ; | സി) കയർമേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഉത്പാദന ചെലവിനനുസൃതമായി വില നൽകി കയറും കയറുല്പന്നങ്ങളും സംഭരിക്കുന്നതിന് കയർഫെഡിനും കയർ കോർപ്പറേഷനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ